**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5181 28.10.2016 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഓടുന്ന അന്യ സംസ്ഥാന ലോറികൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓടുന്ന അന്യ സംസ്ഥാന ലോറികളെ സംബന്ധിച്ച് വ്യക്തമായ വിവരം ചെക്ക് പോസ്റ്റുകളിൽ ലഭ്യമാകുമോ; | (എ) | അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്കു വാഹനങ്ങൾ കേരളത്തിലേക്കു പ്രവേശിക്കുന്നത് വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ അനുമതി പത്രങ്ങൾ കാണിച്ച് ബോധ്യപ്പെടുത്തിയതിനു ശേഷമാണ്. അതിനാൽ, ഇവ സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ ലഭ്യമാണ്. |
| (ബി) | അന്യ സംസ്ഥാന ലോറികൾ ഇവിടെ ലോക്കൽ ട്രിപ്പുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്കു വാഹനങ്ങൾ കേരളത്തിലെത്തി ഇവിടെ ലോക്കൽ ട്രിപ്പുകൾ (അതായത് കേരളത്തിലെ ഒരു പ്രദേശത്തു നിന്നും ചരക്കുകൾ കയറ്റി കേരളത്തിനുള്ളിൽ തന്നെ ഇറക്കുന്ന രീതി) നടത്താൻ നിയമം അനുവദിക്കുന്നില്ല. കാരണം, ആയത് കേരളത്തിലെ ലോറി വ്യവസായത്തെ സാരമായി ബാധിക്കും. ആയതിനാൽ ഇത്തരം വാഹനങ്ങളുടെ ലോക്കൽ ട്രിപ്പുകൾക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ വരുന്ന വാഹനങ്ങൾ തിരിച്ച് സംസ്ഥാനം വിട്ടു പോകുന്ന കാര്യം പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | അന്യ സംസ്ഥാനത്തു നിന്ന് പരിമിതകാലത്തേക്ക് പെർമിറ്റ് സമ്പാദിച്ച് കേരളത്തിലെത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ പെർമിറ്റ് കാലാവധിക്കുള്ളിൽ സംസ്ഥാനം വിട്ടുപോകുന്നുണ്ട് എന്നത് ഉറപ്പാക്കാൻ നിലവിൽ മോട്ടോർ വാഹന വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം വാഹനങ്ങൾ മടങ്ങി പോകുമ്പോൾ ചെക്ക് പോസ്റ്റുകളിൽ ഇവയെ പരിശോധനയ്ക്കു വിധേയമാക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**